**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **18-03-2022 - ൽ മറുപടിയ്ക്ക്**

**വൃക്ഷങ്ങളും തോട്ടങ്ങളും വച്ച് പിടിപ്പിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ക് ഹാനികരമല്ലാത്തതും പെട്ടെന്ന് വളരുന്ന ഇനത്തിൽപ്പെട്ടതുമായ വൃക്ഷങ്ങളും കട്ടി കുറഞ്ഞ മരങ്ങളുടെ തോട്ടങ്ങളും വച്ച് പിടിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം 2021-22 കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തികൾ വിശദമാക്കാമോ; ഇത് ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി വരുന്നു; വിശദമായ കണക്ക് ലഭ്യമാക്കാമോ; | (എ) | 2021-22 കാലയളവിൽ ഇത്തരത്തിലുള്ള പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് 2021-22 കാലയളവിൽ ഫോറസ്റ്റ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി എന്തെല്ലാം പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിൻപ്രകാരം പാലക്കാട് ജില്ലയിൽ നടത്തിയ പദ്ധതി വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് 2021-22 കാലയളവിൽ ഫോറസ്റ്റ് സ്റ്റേഷനുകളുടെ കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി, ഫോറസ്റ്റ് റോഡുകളുടെ സംരക്ഷണം, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി NABARD Tranche XXVI പദ്ധതിയിൽ പ്രവർത്തികൾ നടത്തി വരുന്നു. പ്രസ്തുത പദ്ധതിയിൽ 16 ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുനരുദ്ധാരണവും, 14 സംയോജിത ചെക്ക് പോസ്റ്റുകളുടെ നിർമ്മാണ പ്രവർത്തികളുമാണ് നടത്തുന്നത്. കൂടാതെ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, പേപ്പാറ വന്യജീവി സങ്കേതം, നെയ്യാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിലെ റോഡുകൾ അറ്റകുറ്റപണി നടത്തി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. വള്ളിയാറിൽ ആന്റി പോച്ചിംഗ് ക്യാമ്പ് നിർമ്മിക്കുകയും; മുക്കോത്തി വയൽ, തീർത്തക്കര, കാരിക്കുഴി എന്നിവിടങ്ങളിലെ ആന്റി പോച്ചിംഗ് ക്യാമ്പുകളുടെ മെയിന്റനൻസ് നടത്തുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ വിവിധ ഡിവിഷനുകളുടെ കീഴിൽ ഫോറസ്റ്റ് സ്റ്റേഷനുകളുടെ നിർമ്മാണം, അറ്റകുറ്റപണികൾ, വാച്ച് ടവർ , ഡോർമെറ്ററി, വനിതകൾക്കായുള്ള വിശ്രമകേന്ദ്രം തുടങ്ങിയവയുടെ നിർമ്മാണം,സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപണികൾ, ഫോറസ്റ്റ് റോഡുകളുടെ നിർമ്മാണം, നവീകരണം തുടങ്ങിയ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചിലത് പുരോഗമിച്ചു വരുകയും ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<u>പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തികൾ</u>

<u>മണ്ണാർക്കാട് ഡിവിഷൻ</u>

ഈ ഡിവഷനുകീഴിൽ മണ്ണാർക്കാട് ഫോറസ്റ്റ് സ്റ്റേഷൻ, നെല്ലിപതി - ഷൊളയൂർ സ്റ്റേഷനിൽ ഒ.പി. ബിൽഡിംഗ്, കമ്പിഗേറ്റ് - ഷൊളയൂർ സ്റ്റേഷനിൽ വാച്ച് ടവർ നിർമ്മാണം എന്നിവ പൂർത്തിയായി ട്ടുണ്ട്. കൂടാതെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ, പുതൂർ ഫോറസ്റ്റ് സ്റ്റേഷൻ എന്നിവയിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് ഡിവിഷൻ . കൊമ്പൗണ്ടിലെ ആർ. ആർ.ടി അനക്സ് ബിൽഡിംഗ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ പുനഃരുദ്ധാരണ പ്രവർത്തികൾ, അട്ടപ്പാടി റെയിഞ്ചിലെ പൊട്ടിക്കൽ റോഡിൽ സംരക്ഷണ ഭിത്തിയുടെ പുനഃരുദ്ധാരണ പ്രവർത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്.

<u>പാലക്കാട് ഡിവിഷൻ</u>

ഈ ഡിവിഷനുകീഴിലെ ഒലവക്കോട് റെയിഞ്ച് പരിധിയിൽ ധോണി മുതൽ കോർമ്മ വരെയുള്ള 6 കി.മീ റോഡിന്റെ അറ്റകുറ്റപണി പൂർത്തി യായിട്ടുണ്ട്. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വാള യാർ റെയിഞ്ച് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, പാലക്കാട് ഡിവിഷൻ ഡോർമിറ്ററിയുടെ നിർമ്മാണം, ധോണിയിൽ വനിതകൾക്കാ യുള്ള വിശ്രമ കേന്ദ്രം എന്നീ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഒലവക്കോട് സോഷ്യൽ ഫോറസ്ട്രി/ റിസർച്ച് ഓഫീസ് കോമ്പൗണ്ടിലുള്ള ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപണി പുരോഗമിച്ചുവരുന്നുണ്ട്.

നെന്മാറ ഡിവിഷൻ

ഈ ഡിവിഷനുകീഴിൽ പോത്തുണ്ടി ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് കെട്ടിടം, വെള്ളക്കൽതിട്ട് ക്യാമ്പ് ഷെഡ് പകുതിപ്പാലം ബ്രിഡ്ജ്, തൂത്തമ്പാറ റോഡ് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

ടിംബർ സെയിൽസ് ഡിവിഷൻ, പാലക്കാട്

ഈ ഡിവിഷനുകീഴിൽ വാളയാർ ഡിപ്പോയിൽ പുതിയ കെട്ടിട നിർമ്മാണം പുർത്തിയാക്കിയിട്ടുണ്ട്.

വൈൽഡ്ലൈഫ് പാലക്കാട് സർക്കിളിന്റെ അധികാര പരിധിയിൽ 2021-22 കാലയളവിൽ ആറളം ഡിവിഷനു കീഴിൽ വളയൻചാൽ-പോത്തൻപ്ലാവ് റോഡിന് വീൽബെയ്സ് കോൺക്രീറ്റ്, നരിക്കടവ്-ഉരുപ്പ്കുന്ന് റോഡ് നവീകരണം, ഉരുപ്പുകുന്ന്- പരിപ്പ്തോട് റോഡ് നവീകരണം, പോത്തൻപ്ലാവ്-കരിയംകാപ്പ് റോഡ് നവീകരണം എന്നീ അടങ്കലുകൾ പാസാക്കി. 2021-22 കാലയളവിൽ ടെണ്ടർ ചെയ്ത് പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്ത് 2021-22 കാലയളവിൽ ആറളം ഡിവിഷനു കീഴിൽ വളയൻചാൽ - പോത്തൻപ്ലാവ് റോഡിന് വീൽബെയ്സ് കോൺക്രീറ്റ്, നരിക്കടവ് - ഉരുപ്പ്കുന്ന് റോഡ് നവീകരണം, ഉരപ്പുകുന്ന് - പരിപ്പ്തോട് റോഡ് നവീകരണം, പോത്തൻപ്ലാവ് - കരിയംകാപ്പ് റോഡ് നവീകരണം എന്നീ അടങ്കലുകൾ പാസാക്കി. 2021-22 കാലയളവിൽ ടെണ്ടർ ചെയ്ത് പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

വയനാട് ഡിവിഷനിൽ പ്രസ്തുത കാലയളവിൽ 20 കി.മീ.കൂപ്പ് റോഡുകളുടെ നവീകരണം, രണ്ട് ആന്റിപോച്ചിംഗ് ക്യാമ്പ്, ഒരു ഡോർമിറ്ററി, ഒരു ഐ.ബി എന്നിവിടങ്ങളിൽ പശ്ചാത്തല സൗകര്യവും ഒരുക്കിയിട്ടുണ്ട്.

പീച്ചി ഡിവിഷനു കീഴിൽ ഒളകര-പാറക്കുഴി റോഡിന്റെ നവീകരണം, പ്ലാക്കോട് - ആനവാരി റോഡിന്റെ നവീകരണം, ഒളകര - പോത്തുച്ചാടി റോഡിൽ കംമ്പരപ്പിൽ ചപ്പാത്ത് നിർമ്മാണം, ചിമ്മിനി വന്യജീവി സങ്കേതത്തിൽ കൾവർട്ട് നിർമ്മാണം, ചിമ്മിനി വന്യജീവി സങ്കേതത്തിൽ

ഒരു കലുങ്ക് നിർമ്മാണം, ചൂലന്നൂർ മയിൽ സങ്കേതത്തിൽ പ്രീ-ഫാബ്രിക്കേറ്റഡ് ടോയ്‌ലറ്റ്, ടൈപ്പ് 2 ക്വാർട്ടേഴ്‌സ് നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

2021-22 കാലയളവിൽ പാലക്കാട് ജില്ലയിലെ ഈ സർക്കിളിനു പരിധിയിൽ വരുന്ന സൈലന്റ്‌വാലി ഡിവിഷനിൽ അമ്പലപ്പാറ ഫോറസ്റ്റ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം, സൈരന്ധ്രിയിൽ കുന്തിപ്പുഴയ്ക്ക് കുറുകെ ഇരുമ്പ് തൂക്കുപാലത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ സ്റ്റാഫ് ക്വാർട്ടേഴ്‌സുകളുടെ അറ്റകുറ്റപണികൾ, ക്വാർട്ടേഴ്‌സിലേക്കും, ആന്റി പോച്ചിംഗ് ക്യാമ്പുകളിലേക്കുമുള്ള റോഡുകളുടെ നിർമ്മാണവും, അറ്റകുറ്റപണികളും, ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ്, വാഹന ഷെഡിന്റെ നിർമ്മാണ പ്രവർത്തനവും, കൂടാതെ പറമ്പിക്കുളം ഡിവിഷനിൽ 3 ചപ്പാത്തുകളും, ഒരു വീൽ ട്രാക്കും നിർമ്മിച്ചിട്ടുണ്ട്.

2021-22 കാലയളവിൽ പാലക്കാട് ജില്ലയിലെ പരിധിയിൽ വരുന്ന സൈലന്റ് വാലി ഡിവിഷനിൽ അമ്പലപ്പാറ ഫോറസ്റ്റ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം, സൈരന്ധ്രിയിൽ കുന്തിപ്പുഴയ്ക്ക് കുറുകെ ഇരുമ്പ് തൂക്കുപാലത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ സ്റ്റാഫ് ക്വാർട്ടേഴ്‌സുകളുടെ അറ്റകുറ്റപണികൾ, ക്വാർട്ടേഴ്‌സിലേക്കും, ആന്റി പോച്ചിംഗ് ക്യാമ്പുകളിലേക്കുമുള്ള റോഡുകളുടെ നിർമ്മാണവും, അറ്റകുറ്റപണികളും, ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ്, വാഹനഷെഡിന്റെ നിർമ്മാണ പ്രവർത്തനവും, കൂടാതെ പറമ്പിക്കുളം ഡിവിഷനിൽ 3 കളും, ഒരു വീൽട്രാക്കും നിർമ്മിച്ചിട്ടുണ്ട്.